# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1798 — 16.06.2014 -ൽ മറുപടിക്ക്

### ലോകായുക്തയെ ശക്തിപ്പെടുത്തൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>,, ജോസഫ് വാഴക്കൻ :<br>,, കെ. മുരളീധരൻ :<br>,, വി. പി. സജീന്ദ്രൻ : | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ലോകായുക്തയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ; | എ) | അഴിമതി കേസ്സുകളുടെ അന്വേഷണവും തുടർ നടപടികളും കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിജിലൻസ് ലോകായുക്ത നിയമങ്ങളും, നടപടി ക്രമങ്ങളും പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി റിട്ടയേർഡ് ജസ്റ്റീസ് കെ.പി. ബാലചന്ദ്രന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റി ലോകായുക്ത ആക്ട് പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി ശുപാർശകളുടെയും കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ നിയമത്തിന്റെയും അടിസ്ഥാനത്തിൽ കേരള ലോകായുക്ത നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) നിലവിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; | ബി) | ലോകായുക്ത നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അഴിമതി, ദുർഭരണം, പൊതുപ്രവർത്തകരുടെ അധികാര ദുർവിനിയോഗം എന്നിവ തടയുക എന്ന ഉദ്ദേശ ലക്ഷ്യത്തോടു കൂടിയാണ് കേരള ലോകായുക്ത പ്രവർത്തിച്ചു വരുന്നത്. |
| സി) ലോക്പാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ലോകായുക്തയ്ക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനു ദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | സി) & ഡി) | കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ ബില്ലിന് അനുസൃതമായി ലോകായുക്ത നിയമത്തിലും ഭേദഗതികൾ വരുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ